നം:ICDS.B1-15545/12

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 27-8-2012

# സർക്കുലർ

വിഷയം:-സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - പോഷണവാരാചരണം നിർദ്ദേശങ്ങൾ - സംബന്ധിച്ച് -

സൂചന:-

സമൂഹത്തിന്റെ സമഗ്രപുരോഗതിയ്ക്കായി വനിതാ ശിശുക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന ഐസിഡിഎസ് പദ്ധതിയിലൂടെ ശിശുവിന്റെ ശരിയായ ആരോഗ്യവും പോഷണ ആവശ്യകതയും ശ്രദ്ധിക്കാൻ തക്കവിധത്തിൽ അമ്മയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അമ്മമാർക്ക് ആരോഗ്യ-പോഷണ വിദ്യാഭ്യാസം നൽകിവരുന്നു. കുടുബ ചുറ്റുപാടിൽ നിന്നുകൊണ്ട് കുട്ടികളുടെ ആരോഗ്യ പോഷണ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി അമ്മമാരുടെയും സമൂഹത്തിന്റെയും ഒഴിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ആരോഗ്യപോഷണ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുന്നത്.

കുട്ടികളുടെ അതിജീവനം, വികാസം, ഗർഭകാല പരിരക്ഷ, മാതൃശിശു ആരോഗ്യം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് ആരോഗ്യപോഷണ വിദ്യാഭ്യാസം സഹായിക്കുന്നു. പോഷണ വൈകല്യമുള്ള കുട്ടികൾ, അടിക്കടി രോഗമുള്ള കുട്ടികൾ എന്നിവരുടെ അമ്മമാർക്കായി പ്രത്യേക തുടർനടപടികൾ ഈ പരിപാടിയിലൂടെ നടപ്പിലാക്കി വരുന്നു. ചെറിയ കുട്ടികളുടെ അമ്മമാർക്ക് അവരുടെ അറിവ്, മനോഭാവം, പ്രായോഗിക ശീലങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വേണ്ടത്ര മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നു. വിവിധങ്ങളായ പ്രചരണ മാർഗ്ഗങ്ങളിലൂടെ ആരോഗ്യ-പോഷണ വിദ്യാഭ്യാസ സന്ദേശം ജനങ്ങളിൽ എത്തിക്കാവുന്നതാണ്.

കുഞ്ഞിന്റെ ശരിയായ പോഷണത്തിനും വളർച്ചക്കും വികാസത്തിനുമായി ന്യൂനപോഷണ പരിഹരിക്കുന്നതിന് ആവശ്യകതയെക്കുറിച്ചുള്ള സന്ദേശം സമൂഹത്തിൽ എത്തിക്കുന്നതിനായി എല്ലാ വർഷവും സെപ്തംബർ ഒന്ന് മുതൽ ഏഴു വരെയുള്ള കാലയളവിൽ പോഷണ വാരവും ആചരിക്കുന്നു. ഈ സാഹചര്യത്തിൽ പോഷണ വാരാചരണത്തിന്റെ ഭാഗമായി 2012 സെപ്തംബർ മാസം സംസ്ഥാനത്ത് പോഷകാഹാരവും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം അംഗൻവാടി/വാർഡ്തല പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | തിയതി | 2012 സെപ്തംബർ 1 മുതൽ 7 വരെ |
| 2 | സംഘാടനം | അംഗൻവാടി/വാർഡ്തലത്തിലെ മുഖ്യചുമതല ബന്ധപ്പെട്ട |

| | | |
|---|---|---|
| | | വാർഡ്മെമ്പർ/കൗൺസിലർക്ക് ആയിരിക്കും. കോ-ഓർഡിനേഷൻ സംബന്ധിച്ച ചുമതല അതാത് വാർഡിലെ അംഗൻവാടി വർക്കർമാർക്കായിരിക്കും. |
| 3 | മുൻ ഒരുക്കങ്ങൾ | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യോഗംകൂടി അംഗൻവാടി/വാർഡ്തല യോഗങ്ങൾ സംഘടിപ്പിക്കേണ്ട സ്ഥലം, ബന്ധപ്പെട്ട വാർഡ് മെമ്പർമാർ യോഗങ്ങൾ കൂടുന്ന മുഴുവൻ സമയവും ഇതിലേക്കായി നീക്കിവെയ്ക്കേണ്ടതാണ്. |
| 4 | അംഗൻവാടി/വാർഡ്തല യോഗത്തിൽ പങ്കെടുക്കേണ്ടവർ | ബന്ധപ്പെട്ട വാർഡിലെ അംഗൻവാടി പ്രവർത്തകർ, ഐസിഡിഎസ് ഗുണഭോക്താക്കൾ, ASHA, JPHN, കുടുംബശ്രീ പ്രവർത്തകർ, സാനിറ്റേഷൻ,കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഭക്ഷ്യപൊതുവിതരണ വകുപ്പ്, നീതി സ്റ്റോർ, മാവേലി സ്റ്റോർ തുടങ്ങിയവയുടെ പ്രതിനിധികൾ, തൽപ്രദേശത്തെ സ്കൂളിലെ മിഡ്-ഡേമീലിന്റെ ചുമതലയുള്ള അദ്ധ്യാപകർ, അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഡയറി, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികൾ, ന്യൂട്രീഷനുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഡോക്ടർമാർ, ജനപ്രതിനിധികൾ തുടങ്ങി നയപരമായ തീരുമാനം എടുക്കാൻ ബാദ്ധ്യതയുള്ളവരും പദ്ധതി നിർവ്വഹണത്തിന് ചുമതലയുള്ളവരും സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ന്യൂട്രീഷൻ പദ്ധതിയുടെ ഗുണഭോക്താക്കളും |

5 ചർച്ച ചേയ്യേണ്ട വിഷയങ്ങൾ

1. ബന്ധപ്പെട്ട വാർഡിലെ പോഷക നിലവാരം
2. ന്യൂട്രീഷനുമായി ഹബന്ധപ്പെട്ട വിഷയമായ (IYCF സംബന്ധിച്ച് നിലവിലുള്ള രീതി)
3. ഗ്രോത്ത് മോണിറ്ററിംഗ് കവറേജ്
4. ശുദ്ധജലത്തിന്റെ നിലവിലുള്ള ലഭ്യതയും ഇത് സംബന്ധിച്ച പോരായ്മകളും
5. പൊതുവിതരണ സമ്പ്രദായത്തിലൂടെയുള്ള ഭക്ഷണ സാധനങ്ങളുടെ ലഭ്യത, അയണും അയഡിനും ഫോർട്ടിഫൈ ചെയ്ത ഉപ്പിന്റെ ഉപയോഗം, ലഭ്യത, മൈക്രോ ന്യൂട്രിഷ്യന്റ് ഫോർട്ടിഫിക്കേഷൻ ചെയ്ത ഭക്ഷണ പദാർത്ഥങ്ങളുടെ ഉപയോഗം, ലഭ്യത തുടങ്ങിയ വിഷയങ്ങൾ
6. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ പ്രാദേശികമായ ഉപയോഗം, ലഭ്യത, അടുക്കളത്തോട്ടം, ടെറസ്സിലുള്ള കൃഷി എന്നിവയുടെ സാദ്ധ്യതകൾ
7. പാൽ,മത്സ്യം എന്നിവയുടെ ലഭ്യത, ഉപയോഗം തുടങ്ങിയ വിഷയങ്ങൾ
8. ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കൽ, അവ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ.

k

## VI തുടർ പ്രവർത്തനങ്ങൾ

ചർച്ചകളുടെ അടിസ്ഥാനത്തിൽ വാർഡ് തലത്തിലെ പോഷകനിലവാരം, നിലവിലുള്ള അപര്യാപ്തത, പദ്ധതി നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സമർപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി പരിപാടികൾ തുടർന്ന് LSGD യുടെ പ്ലാനിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം malnutrition free ആക്കുന്നതിനു വേണ്ടി ഒരു കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതും ആറ് മാസത്തിനകം ബന്ധപ്പെട്ട പഞ്ചായത്തുകളെ malnutrition free പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### പ്രവർത്തനങ്ങൾ

1. **അംഗൻവാടി/വാർഡ് തലം**-2012 സെപ്റ്റംബർ 1 മുതൽ 5 വരെയുള്ള ദിവസങ്ങളിൽ ഗുണഭോക്താക്കൾക്കായി താഴെപ്പറയുന്ന ബോധവത്കരണ ക്ലാസ്സുകൾ അംഗൻവാടിയിൽ വച്ച് സംഘടിപ്പിക്കാവുന്നതാണ്.

| | |
|---|---|
| 2012 സെപ്റ്റംബർ 1- | ഗുണഭോക്താക്കളുടെ പോഷണനിലവാരം-പ്രശ്നങ്ങൾ |
| 2012 സെപ്റ്റംബർ 3- | പാചകം ഡെമോൺസ്ട്രേഷൻ |
| 2012 സെപ്റ്റംബർ 4- | ആരോഗ്യപോഷകാഹാര ക്ലാസ്സുകൾ |
| 2012 സെപ്റ്റംബർ 5- | പച്ചക്കറി കൃഷിയും പോഷണനിലവാരവും |

അംഗൻവാടി പ്രവർത്തനത്തിന് ശേഷം വൈകുന്നേരം 3 മണി മുതൽ 5 മണി വരെ ടി കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

(signature)

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും
ശിശുവികസന പദ്ധതി ഓഫീസർമാർക്കും,